**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1578** **15-03-2022 - ൽ മറുപടിയ്ക്ക്**

**നാളികേര കർഷകരെ സഹായിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നാളികേരത്തിന് വിലയിടിയുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | നാളികേരത്തിന്റെ വിലയിടിവ് കണക്കിലെടുത്തു കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് കേരള സർക്കാർ 14.01.2022 -ലെ സ.ഉ.(കൈ)നം.3/2022 ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ ഉത്തരവ് നൽകിയിരുന്നു. കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32 രൂപ താങ്ങു വില നൽകി സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരഫെഡ് ജില്ലകളിൽ സി.പി.സി/ സി.പി.എഫ്/ സഹകരണ സ്ഥാപനങ്ങൾ/ FPO എന്നിവ മുഖേനയുള്ള സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരണം നടത്തുന്നത്. പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് 1 കോടി രൂപയും, നാളികേര വികസന കോർപ്പറേഷന് 50 ലക്ഷം രൂപയും റിവോൾവിങ് ഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. നിലവിൽ നാളികേരത്തിന്റെ വില താഴ്ന്ന ജില്ലകളിൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സംഭരണം നടത്തുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി. തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. സാക്ഷ്യ പത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ മാത്രം പച്ചത്തേങ്ങ സംഭരിക്കുന്നതാണ് . കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പ്രൈസ് സപ്പോർട്ട് സ്കീം (പി.എസ്.എസ്) പദ്ധതി 2022 |

| | | | |
|---|---|---|---|
| | | | പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന സഹകരണ സംഘങ്ങൾ അതാത് നോഡൽ ഏജൻസികളുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊപ്രയുടെ താങ്ങു വില കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് ലഭ്യമാകുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി. തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. കൊപ്ര വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി ഇ - സമൃദ്ധി പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൊപ്ര സംഭരണത്തിനായി ഒരു തെങ്ങിൽ നിന്നും 50 നാളികേരം എന്ന കണക്കാക്കുമ്പോൾ അത് 25 കിലോ പച്ചത്തേങ്ങയായും / 7.50 കിലോ കൊപ്രയായും കണക്കാക്കുന്നതാണ്. |
| (ബി) | നാളികേര ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കാൻ പുതുതായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | മൂല്യ വർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് നാളികേര കൃഷി ലാഭകരമാക്കുന്നതിന് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം കേരളയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം നാളികേര ഉല്പന്നങ്ങൾക്ക് മൂല്യവർധന നടത്തുന്നതിനായി സഹായം നൽകിയിട്ടുണ്ട്. 50 പുതിയ FPO കൾ രൂപീകരിക്കുവാനും നിലവിലുള്ള 50 FPO കളുടെ ശാക്തീകരണത്തിനും പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ വി.എഫ്.പി.സി.കെ മുഖേന ഉത്പന്നങ്ങൾ അടിസ്ഥാനമാക്കി 38 എഫ്.പി.ഓ കൾ റജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. FPO കളുടെ പ്രവർത്തനം പൂർണ്ണതയിലെത്തുന്നതോടെ വിളകളുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. നാളികേരം അടിസ്ഥാന മാക്കിയുള്ള FPO കളും ഇതിൽ ഉൾപ്പെടും. കേരളത്തിൽ KIIFB യുടെ ധനസഹായത്തോടെ രണ്ടു നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കോഴിക്കോട് |

| | | | |
|---|---|---|---|
| | | | ജില്ലയിൽ വേങ്ങേരിയിലും കുത്താളിയിലും 20 കോടി രൂപ വീതം നൽകി സ്ഥാപിക്കുന്നതിനുള്ള നാളികേര അഗ്രോ പാർക്കിന്റെ DPR, KIIFB ക്ക് സമർപ്പിച്ചിട്ടുണ്ട്. നാളികേരത്തിന്റെ മൂല്യ വർധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന നാളികേര വികസന കോർപറേഷന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വെളിച്ചെണ്ണ, നീര തുടങ്ങിയ ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. കൂടാതെ KERAFED വഴിയും നാളികേരത്തിന്റെ മൂല്യവർദ്ധിത വസ്തുക്കൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ